ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

ഇ.18/4089/2014/സിഇ/തസ്വഭവ

തീയതി16/11/2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് - പെൻഷൻ - 01/01/2018 മുതൽ 31/03/2019 വരെ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ - സംബന്ധിച്ച്

സൂചന:- കെ.എസ്.ആർ. ഭാഗം 3 ചട്ടം 109

*********

തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗം വകുപ്പിൽനിന്നും 01/01/2018 മുതൽ 31/03/2019 വരെ വിരമിക്കുന്ന സാങ്കേതിക/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കി 10/12/2017 ന് മുമ്പായി സമർപ്പിക്കേണ്ടതും, ടി ജീവനക്കാരുടെ പെൻഷൻ പ്രൊപ്പോസലുകൾ അടിയന്തരമായി സമർപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ എല്ലാ നിയന്ത്രണാധികാരികളും സ്വീകരിക്കേണ്ടതുമാണ്. മേൽ കാലയളവിൽ വിരമിക്കുന്ന ജീവനക്കാർ ഇല്ലായെങ്കിൽ പ്രസ്തുത വിവരവും അറിയിക്കേണ്ടതാണ്.

കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അവരവരുടെ നിയന്ത്രണത്തിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച്,ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റികളിലെ നിയന്ത്രണാധികാരികൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട മേഖല (നോർത്ത് /സൗത്ത് സർക്കിൾ) സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് നൽകുകയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ജില്ലാതല മേലധികാരികൾ അവരവരുടെ നിയന്ത്രണ പരിധിയിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് ഏകീകരിച്ച് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ, സർക്കാരിനും, അക്കൗണ്ടന്റ് ജനറലിനും സമർപ്പിക്കേണ്ടതിനാൽ, ടി വിഷയത്തിൽ ഇരട്ടിപ്പ്, വിട്ടുപോകൽ, കാലതാമസം എന്നിവ ഉണ്ടാകാതെ നിയന്ത്രണാധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എൻ.പി/-

# <u>പ്രൊഫോർമ</u>

***<u>01/01/2018 മുതൽ 31/03/2019 വരെ വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ</u>***

***<u>ഓഫീസിന്റെ പേര്:</u>***

| ക്രമ നം | പേര് | ഉദ്യോഗപ്പേര് | ഓഫീസിന്റെ പേര് | ജനന തീയതി | വിരമിക്കുന്ന തീയതി | ഫോൺ നം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

ഓഫീസ് മേലധികാരിയുടെ പേരും ഒപ്പും

എൻ.പി/-